(സി) ഏതെല്ലാം പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെയാണ് ഈ റോഡ് കടന്നു പോകുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊന്നാനി മുതൽ കോഴിക്കോടുവരെയുള്ള ഒരു റോഡ് (വെസ്റ്റ് കോസ്റ്റ് ഹൈവേ) പരിഗണനയിലുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് RBDCK ഐറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന ഒരു സാദ്ധ്യതാ പഠനം നടത്തി റൂട്ട് നിജപ്പെടുത്തിയിട്ടുണ്ട്. മൊത്തമുള്ള 65 കി.മി. ദൂരത്തിൽ ഉദ്ദേശം 55 കി.മി. വരെ കല്ലിട്ട് ഫീൽഡിൽ മാർക്കു ചെയ്തിട്ടുണ്ട്.

(സി) ഈശ്വരമംഗലം (പൊന്നാനി)–താനൂർ, കടലുണ്ടി, ബേപ്പൂർ, ബീച്ച് റോഡ് വഴി പുതിയാപ്പ, വെങ്ങാലി തുടങ്ങിയ സ്ഥലങ്ങൾ വഴിയാണ് ഈ റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്നത്.

പാഠ്യപദ്ധതി പരിഷ്ക്കരണവും അദ്ധ്യാപക പരിശീലനവും

230 [374] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുവിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതി പരിഷ്ക്കരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇപ്പോൾ സർവ്വീസിലുള്ള അദ്ധ്യാപകർക്ക് പുതുക്കിയ പാഠ്യപദ്ധതിപ്രകാരം ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ;

(സി) പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പുതുക്കിയ പാഠ്യപദ്ധതി പ്രകാരമുള്ള പരിശീലനം എല്ലാ അദ്ധ്യാപകർക്കും നിർബന്ധമായും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. പത്താംതരം പാഠ്യ പദ്ധതിയിൽ പരിഷ്ക്കരിച്ചതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ ഇപ്പോൾ നടന്നു വരുന്നു. ഇത് ജൂലൈ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly